# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 387 — 6-2-2013-ൽ മറുപടിക്ക്

## വൈദ്യുതി നിരക്ക് വർദ്ധനവുമൂലമുള്ള വരുമാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) | 2011 മാർച്ചിൽ കേരളാ സ്റ്റേറ്റ് ഇല ക്ട്രിസിറ്റ ി ബോർഡിന്റെ പ്രതി മാസ ശരാശരി വരുമാനം എത്രയാ യ ി ര ു ന്നു; | (എ) | 2010-11 സാമ്പത്തിക വർഷത്തിൽ റെഗുലേറ്ററി അസറ്റ് ഒഴികെയുള്ള ബോർഡിന്റെ വരുമാനം 5695.43 കോടി രൂപയും പ്രതിമാസ ശരാശരി വരുമാനം 474.62 കോടി രൂപയുമാണ് |
| (ബി) | 2012 ഡിസംബറിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രതിമാസ ശരാശരി വരുമാനം എത്ര യായിരുന്നു | (ബി) | 2011-12 സാമ്പത്തിക വർഷത്തെ വരുമാനം 6043.92 കോടി രൂപയും പ്രതിമാസ ശരാശരി വരുമാനം 503.64 കോടി രൂപയുമാണ്. 2012 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. |
| (സി) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ത ി ന ുശേഷം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഘടനാപരമായ എന്തു മാറ്റമാണു നടപ്പിലാക്കിയിട്ട ു ള ളതെന്നു വ ്യ ക്തമാക്കു മ ോ ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, ബോർഡിലെ ഡിസ്ട്രിബ്യൂഷൻ വിഭാഗവും ട്രാൻസ്മിഷൻ വിഭാഗവും ഒരു മെമ്പർ ആയിരുന്നു കൈകാര്യം ചെയ്തിരുന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലും, ജനറേഷൻ പ്രോജക്ട്സ് നടപ്പിലാക്കുന്നതിന് കൂടുതൽ ശ്രദ്ധചെലുത്തുന്നതിന് വേണ്ടി, ടി വിഭാഗവും ഓരോ മെമ്പർമാരുടെ അധീനതയിൽ വരുത്തുകയും, കൂടാതെ ട്രാൻസ്മിഷൻ വിഭാഗവും, ജനറേഷൻ ഓപ്പറേഷൻ വിഭാഗവും ഒരു മെമ്പറുടെ അധീനതയിൽ |

വരുത്തുകയും ചെയ്തിട്ടുണ്ട്.മറ്റു ഘടനാപരമായ മാറ്റങ്ങൾ ഒന്നും തന്നെ വരുത്തിയിട്ടില്ല.

(ഡി) ഈ ഗവൺമെന്റ് വൈദ്യുതി നിരക്ക് എത്ര തവണ വർദ്ധിപ്പിച്ചുവെന്നും ഓരോ വിഭാഗത്തിലും എത്ര തമാനം വർദ്ധന ന ട പ്പി ലാക്കിയെന്നും വ്യക്ത മാ ക്ക ു മ േ ാ ;?

(ഡ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 2012 ജൂലൈ ഒന്നാം തീയതി മുതൽ താരിഫ് വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. ഓരോ വിഭാഗത്തിനുമുണ്ടായ വർദ്ധനവ് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു

( ഇ) വൈദ്യുതി നിരക്ക് വർദ്ധനവിലൂടെ ലഭിക്കുന്ന പ്രതിമാസ അധി ക വ രു മ ാനം എത്ര യെന്നു വ്യക്തമാക്കുമോ?

(ഇ) പ്രസ്തുത താരിഫ് വർദ്ധനവിലൂടെ ബോർഡിന് പ്രതിമാസം 130 കോടി രൂപ അധിക വരുമാനമായി ലഭിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്